**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

## എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷനുകൾ സെപ്തംബർ 30 മുതൽ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് 2020–21 അധ്യയന വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ **30.09.2020 (ബുധനാഴ്ച)** ആരംഭിക്കുന്നു. ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

2020–ലെ കേരളാ എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **2020 സെപ്തംബർ 30–ാം തീയതി മുതൽ ഒക്ടോബർ 6–ാം തീയതി രാവിലെ 10** മണി വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളിൽ ചിലരുടെ അപേക്ഷകളിലെ അപാകതകൾ മൂലം ഫലം തടഞ്ഞുവെച്ചിട്ടുണ്ടെങ്കിലും അവർക്കും ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് മാത്രമെ അത്തരം വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുകയുള്ളൂ.

വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**29.09.2020**